# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 705 04.11.2016-ലെ മറുപടിക്ക്

## പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ.സി.രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പ്ലസ് വൺ പരീക്ഷയുടെ ഫലം വന്നതിനുശേഷം റിസൾട്ട് മെച്ചപ്പെടുത്തുന്നതിന് പരീക്ഷ എഴുതണമെങ്കിൽ നിലവിൽ എന്തെല്ലാം നിബന്ധനകളാണുള്ളത്; എത്ര വിഷയങ്ങൾ പരമാവധി ഇംപ്രൂവ് ചെയ്യാൻ സാധിക്കും; വ്യക്തമാക്കുമോ; | (എ) ഒന്നാം വർഷ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് സ്കോർ മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് മൂന്ന് വിഷയങ്ങൾ വരെ എഴുതാം എന്നുള്ള നിബന്ധനയാണ് നിലവിലുള്ളത്. |
| (ബി) റിസൾട്ട് മെച്ചപ്പെടുത്താനുള്ള പരീക്ഷകളിൽ ഇപ്രകാരം നിബന്ധനകൾ ഏർപ്പെടുത്താനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഒന്നാം വർഷ പരീക്ഷയ്ക്ക് ചില വിഷയങ്ങൾക്ക് മാത്രമായി സ്കോറുകൾ കുറഞ്ഞുപോകുന്ന സാഹചര്യങ്ങളിൽ കോഴ്സ് കാലയളവിൽ തന്നെ അവ മെച്ചപ്പെടുത്തുന്നതിനുള്ള അവസരം എന്ന നിലയ്ക്കാണ് ഇംപ്രൂവ്മെന്റ് പരീക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. അദ്ധ്യയന കാലയളവിൽ നടത്തുന്ന പരീക്ഷ ആയതിനാൽ കൂടുതൽ പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടാത്ത രീതിയിലുള്ള ക്രമീകരണങ്ങൾക്കായിട്ടാണ് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) കൂടുതൽ വിഷയങ്ങളിൽ റിസൾട്ട് മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന കുട്ടികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ തടസ്സമാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) കൂടുതൽ വിഷയങ്ങളിൽ റിസൾട്ട് മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന കുട്ടികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ തടസ്സമാകുന്നുണ്ട്. |
| (ഡി) റിസൾട്ട് മെച്ചപ്പെടുത്താനുള്ള പരീക്ഷകൾ എഴുതുന്നതിന് പരമാവധി വിഷയങ്ങളുടെ എണ്ണത്തിൽ നിശ്ചയിച്ചിട്ടുള്ള പരിധി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ